ഹാസ്യകവിത.

# തുഞ്ചപറമ്പിലെ തത്ത!

## (സാഹിത്യ അക്കാദമിയിലൊരു മാമാങ്കം).

ജോൺ ഇളത.

പോയവർ പോയവർ കാശുമടക്കി
വന്നവർ വന്നവർ തിന്നു കുടിച്ചു
ഡോളററുപതു രൂപക്കു മാറി
കുഴയുള്ള കുപ്പികൾ നിർത്താതെ പൊട്ടി!

പെണ്ണു പ്രവാസികൾ
കണ്ണെഴുതി,കസകിന്െറ
കണ്ണഞ്ചും പട്ടുടുത്ത്
ദർശ്ശനമേകി വടക്കുംനാഥന്!

മുല്ലപ്പൂമൊട്ടുകൾ മുടിയിൽ തിരുകി
മെല്ലെ നടന്നവർ സുന്ദരിമാരായ്
പരദൂഷണത്തിന്െറ തിരി കൊളുത്തി
സരസ്വതീ ക്ഷേത്രത്തിൻ തിരുനടയിൽ

പുരുഷപ്രവാസ പ്രജകൾ നടന്നു
കസവുമുണ്ടിലും,സവാരി സൂട്ടിലും
മുണ്ടിന്െറ അറ്റം പൊക്കി പിടിച്ചവർ
ഞണ്ടിന്െറ മാതിരി നടന്നു നീങ്ങി

തുഞ്ചംപറമ്പിലെ നലുകെട്ടിൽ!
തത്ത ഇരന്നു പുഞ്ചിരി തൂകി-
തുത്തുകുലുക്കി മെല്ലെ ചൊല്ലി
തത്തമ്മേ,പൂച്ച്!പൂച്ച!

തിരൂരലെത്തി അക്ഷരപ്രതിഭകൾ
കരു പിടിപ്പിച്ചൊരു പ്രവാസിമേള
പുത്തൻ കസവു മുണ്ടുടുത്തു
കത്തി നടന്നു പ്രവാസി വര്യർ!

ഇതു കണ്ടു തത്തമ്മ
മതി തീരെ,പൊട്ടിച്ചിരിച്ചു
പുത്തൻ പണക്കാരെ കണ്ട്
തത്തമ്മ പാടി,പ്രവാസികളെ,പൂച്ച,പൂച്ച!

അക്ഷരകുരുക്ഷേത്ര യുദ്ധം തൂടങ്ങി
നിരക്ഷരകുക്ഷർ യുദ്ധം ചെയ്തു
നാവിന്െറ അസ്ത്രമയച്ചു തോറ്റു
വാടി തളർന്നു പ്രവാസി വീരർ!

നാട്ടിലെ അക്ഷരസ്നേഹികൾ
പൊടിതട്ടി എടുത്തവരുടെ കൃതികൾ
അങ്കലാപ്പായവർ,ആലംബഹീനർ!
അക്കാദമീ അവർഡ് കിട്ടാത്തോർ!

ഇനി രക്ഷയില്ലന്നവരോതി
ഇപ്രവാസികൾ തട്ടുമത്

ഡോളറിൻ കോൾമയിർ
കൊള്ളിക്കും പണത്തിളക്കത്തിൽ!

പുസ്തകക്രാശനം നടന്നു
പലകുറി നടന്ന കൃതികൾക്ക് വീണ്ടും!
എന്തിനു പറയട്ടെ,ഒരോ പ്രകാശനവും
രാഗി മിനുക്കട്ടെ എഴുത്തു തീർന്ന പ്രവാസിക്ക്!